"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൂന്നാർ ഹരിത കോറിഡോർ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ - തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം.) വകുപ്പ്**

G.O.(Ms) No.133/2025/LSGD തീയതി,തിരുവനന്തപുരം, 07-08-2025

---

പരാമർശം:- 1. ഇടുക്കി ജില്ലാ കളക്ടറുടെ 28.05.2022 -ലെ എൻ കെ പി /55/ എച്ച് കെ എം/2022/ഐ ഡിഐ നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ അടിമാലി, പള്ളിവാസൽ, വെള്ളത്തൂവൽ, മൂന്നാർ, ദേവികുളം, മാങ്കുളം, ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, മറയൂർ എന്നീ പഞ്ചായത്തുകൾ ചേർന്നുള്ള പരിസ്ഥിതി ലോലമായ മൂന്നാർ വിനോദ സഞ്ചാര മേഖലയിൽ വഴിയോരത്ത് വിനോദ സഞ്ചാരികളാൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ജലാശയങ്ങളെയും വനപ്രദേശങ്ങളെയും മലിനമാക്കുന്നു. നാല് പ്രധാന പാതകളിലായി കേന്ദ്രീകരിക്കുന്ന മൂന്നാർ ടൂറിസം, നേര്യമംഗലം മുതൽ മൂന്നാർ വരേയും മൂന്നാറിൽ നിന്ന് മറയൂർ വരേയും നീളുന്ന ദേശീയപാതയുടെ ഭാഗവും മൂന്നാറിൽ നിന്ന് മാട്ടുപ്പെട്ടിവഴി വട്ടവടയിലേക്ക് പോകുന്ന മറ്റൊരു പാതയും മുന്നാറിൽ നിന്നും ദേവികുളം വഴി തമിഴ്നാട്ടിലേക്ക് പോകുന്ന ദേശീയപാതയും ഉൾപ്പെടുന്നു. ഈ വഴികളിലുടനീളം മാലിന്യങ്ങളാൽ മലീമസമാണ്. ഇത് നിയന്ത്രിക്കുന്നതിനായി അടിമാലി, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയും മറ്റ് പഞ്ചായത്തുകളെ ക്രമേണ കൂട്ടിച്ചേർത്ത് പദ്ധതി വിപുലീകരിക്കാവുന്ന വിധവും വിഭാവനം ചെയ്തുകൊണ്ടുള്ള മൂന്നാർ ഹരിത കോറിഡോർ പദ്ധതി സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ സൂചന പ്രകാരം, ചുവടെ ചേർക്കുന്ന വിശദംശങ്ങളോടെ, പ്രൊപോസൽ ലഭ്യമാക്കി

IRTC (Integrated Rural Training Centre, പാലക്കാട്) നടത്തിയ പ്രാഥമിക പഠന പ്രകാരം ടൂറിസ്റ്റ് സീസണുകളിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ മാത്രമായി ഉത്പാദിപ്പിക്കപ്പെടുന്ന 8 ടൺ മാലിന്യത്തിൽ അഞ്ചു ടൺ ജൈവമാലിന്യവും മൂന്നു ടൺ അജൈവമാലിന്യവുമാണ്. അതിൽ, മൂന്നാറിലെ കടകൾ സ്ഥാപനങ്ങൾ, വിടുകൾ എന്നിവിടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന 5-6 ടൺ മാലിന്യം ഒഴികെ ശേഷിക്കുന്നവ വിനോദസഞ്ചാരികൾ വലിച്ചെറിയുന്നതാണ്. ഇത്തരത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ മാത്രമായി പ്രതിദിനം 2 ടണ്ണിലധികം മാലിന്യങ്ങൾ നിർദിഷ്ട പ്രൊജക്ട് പരിധിയിലായി വലിച്ചെറിയപ്പെടുന്നു എന്ന് കണക്കാക്കുന്നു. മൂന്നാർ ടൂറിസം മേഖലയിൽ ഉൾപ്പെടുന്ന 10 പഞ്ചായത്തുകളിലുമായി ഇതേ രീതിയിൽ മാലിന്യങ്ങൾ ഉണ്ടാകുന്നു.

കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ (KDHP), ഗ്രാമപഞ്ചായത്ത്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ഹൈഡൽ ടൂറിസം പ്രോജക്റ്റ്, ടൂറിസം വകുപ്പ്, വനം വകുപ്പ്, പോലീസ് വകുപ്പ്, ജില്ലാ ഭരണകൂടം തുടങ്ങിയ വകുപ്പുകളുടെ സംയോജിത പ്രവർത്തനം മൂന്നാർ വിനോദസഞ്ചാര മേഖലയിലെ സമഗ്ര മാലിന്യസംസ്കരണ പ്രവർത്തനത്തിന് ആവശ്യമാണ്

ഗ്രീൻ കോറിഡോർ പദ്ധതിയിൽ പ്രധാനമായും ചെക്ക് പോയിന്റുകൾ, ഗ്രീൻ പട്രോളിംഗ്, ഫെസിലിറ്റേഷൻ സെന്ററുകൾ എന്നീ 3 ഘടകങ്ങളാണ് ഉള്ളത്.

<u>ചെക്ക് പോയിന്റുകൾ</u>

പ്ലാസ്റ്റിക്ക് ഇതര വസ്തുക്കൾ നിശ്ചിത ഫീസ് ഈടാക്കി ശേഖരിക്കുകയും ഗ്രീൻ സോണിൽ പാലിക്കേണ്ട നിയമങ്ങളെ കുറിച്ച് ബോധവത്ക്കരിക്കുകയുമാണ് ചെക്ക് പോയിന്റുകളിലെ പ്രവർത്തനം. ഇവിടെ നിന്നും യൂസർ ഫീ നൽകി ചെക്കിംഗിന് വിധേയമായി അവിടെ നിന്നും ലഭിക്കുന്ന സ്റ്റിക്കറോട് കൂടി ടൂറിസ്റ്റ് വാഹനങ്ങൾ മൂന്നാർ ടൗണിലേക്ക് പ്രവേശിക്കുന്നു. വിനോദ സഞ്ചാരികൾ ഉൾപ്പെടാത്ത പ്രാദേശിക വാഹനങ്ങളെ ഒറ്റത്തവണ മാത്രം പരിശോധിച്ച് പ്രത്യേക സ്റ്റിക്കർ നൽകി വേർതിരിക്കുന്നു.

<u>ഗ്രീൻ പട്രോളിംഗ്</u>

മാലിന്യങ്ങൾ വലിച്ചെറിയുന്ന വാഹനങ്ങളെയും വിനോദ സഞ്ചാരികളെയും കണ്ടെത്തി അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും പിഴ ഈടാക്കുകയുമാണ് ഗ്രീൻ പട്രോളിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ഫെസിലിറ്റേഷൻ സെന്ററുകൾ</u>

സഞ്ചാരികൾ കൊണ്ടു വരുന്ന ഭക്ഷണങ്ങൾ കഴിക്കാനും, മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനവും ശുചിമുറി സംവിധാനങ്ങളും ലഭ്യമാക്കുക എന്നതാണ് ഫെസിലിറ്റേഷൻ സെന്ററുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകൾ, മറ്റ് ഡിപ്പാർട്ടുമെന്റുകൾ സ്ഥാപനങ്ങൾ എന്നിവർ മുഖേനയോ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയോ സ്ഥാപിക്കാവുന്ന ഫെസിലിറ്റേഷൻ സെന്ററുകളുടെ നിയന്ത്രണം അവ സ്ഥാപിക്കുന്നവർക്ക് ആയിരിക്കും .

ചെക്ക് പോയിന്റുകൾ, ഗ്രീൻ പട്രോളിംഗ് എന്നിവയ്ക്ക് ഒരോന്നിനും വ്യത്യസ്ത കുടുംബശ്രീ എം ഇ യൂണിറ്റുകൾ(പദ്ധതിയുടെ ഭാഗമായി വരുന്ന പഞ്ചായത്തു പ്രദേശങ്ങളിൽ സൊസൈറ്റി പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകൃതമാകുന്ന സൂക്ഷ്മ തൊഴിൽ സംരംഭക യൂണിറ്റുകൾ)വിഭാവനം ചെയ്യുന്നു. എം ഇ യൂണിറ്റുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രീൻ കോറിഡോർ സർവ്വീസ് സൊസൈറ്റിയും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ദേവികുളം സബ് കലക്ടർ ഉപാധ്യക്ഷനായും നവകേരളം കർമ്മ പദ്ധതി 2, കുടുംബശ്രീ, വനംവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും, ഇടുക്കി എം പി, ദേവികുളം എം എൽ എ എന്നിവർ രക്ഷാധികാരികളായും, ഗവേണിംഗ് ബോഡിയും വിഭാവനം ചെയ്യുന്നു. 07.05.2022-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ

യോഗത്തിൽ ഗവേണിംഗ് ബോഡി രൂപീകരിക്കുകയും പദ്ധതി വിശദീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ പദ്ധതി രൂപരേഖ, ഗവേണിംഗ് ബോഡി തീരുമാനം, സൊസൈറ്റി ബൈലോ എന്നിവ സമർപ്പിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകാരം നൽകണമെന്ന് ഇടുക്കി കളക്ടർ സൂചന പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്നാർ വിനോദ സഞ്ചാര മേഖലയെ മാലിന്യമുക്തമായി നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടെയുള്ള മൂന്നാർ ഹരിത കോറിഡോർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ സൂചന പ്രകാരം സമർപ്പിച്ച ശിപാർശ തുടർനടപടി സ്വീകരിക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ബൈലോയ്ക്കുള്ള അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V I A S
SPECIAL SECRETARY

കോ ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി 2
ഡയറക്ടർ,ടൂറിസം വകുപ്പ്
ചീഫ് കൺസർവേറ്റർ,വനം വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,
ജില്ലാ കളക്ടർ,ഇടുക്കി
മെമ്പർ സെക്രട്ടറി,മലിനീകരണ നിയന്ത്രണ ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ഓഡിറ്റ് )കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 07-08-2025 11:18:22

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ-ക്ക്